ഉദ്യോഗസ്ഥൻ സമർപ്പിക്കുന്ന അന്വേഷണ റിപ്പോർട്ട് പരിശോധിച്ച് നിർദ്ദേശം നൽകാൻ അധികാരമില്ലെന്ന വിജിലൻസ് കോടതി വിധിക്കെതിരെ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ റിട്ട് ഹർജി ഫയൽ ചെയ്യുകയും വിജിലൻസ് ഡയറക്ടറുടെ നിലവിലുള്ള അധികാരം നിലനിർത്തി ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവായിട്ടുള്ളതുമാണ്. കൂടാതെ കേസിന്റെ തുടരന്വേഷണം വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ നടത്തിക്കൊണ്ടിരിക്കുകയാണ്. ധനമന്ത്രി രാജിവെച്ച് ഒഴിഞ്ഞുപോകേണ്ടതായി വന്നകാര്യം വിജിലൻസ് പരിഗണിച്ചിട്ടില്ല. വിജിലൻസ് അന്വേഷണം സത്യസന്ധമായിട്ട് തന്നെയാണ് നടത്തിവരുന്നത്.

ബാർ കോഴ കേസ്

306 (316) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബാർ കോഴ കേസിൽ ഹൈക്കോടതിയിൽ കേസ് വാദിച്ച അഡ്വക്കേറ്റ് കപിൽ സിബലിനുള്ള ഫീസ് എത്രയാണ് ; അത് നൽകുന്നത് ആരാണ് ;

(ബി) കോഴവാങ്ങിയ ആളിൽനിന്നും ഫീസ് തുക ഈടാക്കാൻ സാധ്യമാണോ ; നിയമവശങ്ങൾ വെളിപ്പെടുത്താമോ ;

(സി) കോഴ തുക പിടിച്ചെടുക്കാൻ ശ്രമംനടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ പിടിച്ചെടുത്ത തുക എത്ര ; ഏത് നിലയിലുള്ള നടപടികളിലൂടെയാണ് കോഴ തുക പിടിച്ചെടുക്കാൻ ശ്രമിച്ചതെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) വിവിരം ശേഖരിച്ചുവരുന്നു.

(ബി) കുറ്റാരോപിതനെതിരെയുള്ള കേസിന്റെ പുനരന്വേഷണം തടസ്സപ്പെടുത്താതെ വിജിലൻസ് ഡയറക്ടറുടെ അധികാരം നിലനിർത്താൻ ആവശ്യപ്പെട്ടതായ റിട്ട് ഹർജിയിൻമേൽ സർക്കാർ ഭാഗം ഹാജരായ അഭിഭാഷകന്റെ ഫീസ് കുറ്റാരോപിതനിൽ നിന്നും ഈടാക്കാൻ വ്യവസ്ഥയില്ല. കൂടാതെ പ്രതിക്കെതിരായിട്ടുള്ള ഈ കേസ് ഇപ്പോഴും അന്വേഷണാവസ്ഥയിലാണ്.

(സി) കേസ് അന്വേഷണാവസ്ഥയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly